**INDIAN SCHOOL SOHAR** No of pages:2

**TERM II EXAMINATION (2018-19)**

**MALAYALAM**

**CLASS:VIII** **MAX. MARKS: 40**

**DATE:03/03/2019** **DURATION:1½ HRS.**

General instructions

- Please check that this question paper contains 2 printed pages.
- Please check that this question paper contains 4 sections.
- Please write down the Serial Number of the question before attempting it.
- The Question Paper is divided in to four sections:-

| | |
|---|---|
| Section A: Reading Comprehension | 5marks |
| Section B: Writing | 10marks |
| Section C: Grammar | 13 marks |
| Section D: Literature | 12marks |

**എ വിഭാഗം**

1.താഴെകൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (5)

ഒരിക്കൽ ഷേബയിലെ റാണി സോളമൻ രാജാവിനെ കാണാനെത്തി. രാജാവിന്റെ ബുദ്ധിശക്തിയെക്കുറിച്ച് കേട്ടറിഞ്ഞ് അതൊന്നു പരീക്ഷിക്കണം എന്നു കരുതിയാണ് റാണി എത്തിയത്. അനേകം സമ്മാനങ്ങളുമായാണ് റാണി വന്നത്. സ്വർണ്ണവും രത്നവും സുഗന്ധദ്രവ്യങ്ങളുമൊക്കെ ധാരാളം കരുതിയിട്ടുണ്ടായിരുന്നു. അതിൽ രണ്ട് വിശേഷപ്പെട്ട പൂമാലകൾ ഉണ്ടായിരുന്നു. ഒന്ന് കൃത്രിമവും മറ്റൊന്ന് യഥാർത്ഥ പൂക്കൾ കോർത്ത് ഉണ്ടാക്കിയതുമായിരുന്നു. എന്നാൽ കാഴ്ചയിൽ ഒരു വ്യത്യാസവുമില്ല. പൂമാലകൾ അല്പമകലെ വച്ചിരിക്കുകയാണ്. അതിലേതുമാലയാണ് യഥാർത്ഥ പൂക്കൾകൊണ്ടുള്ളതെന്ന് രാജാവ് പറയണമെന്ന് റാണി ആവശ്യപ്പെട്ടു. അത്രയും അകലെ നിന്ന് അത് കണ്ടുപിടിക്കൻ കഴിയുമായിരുന്നില്ല. അടച്ചിട്ടിരുന്ന മുറിയുടെ വാതിലുകൾ തുറക്കാൻ രാജാവ് പരിചാരകരോട് പറഞ്ഞു. പുറത്തെ പൂന്തോട്ടത്തിൽ നിന്ന് തേനീച്ചകൾ മുറിയിലേക്ക് പറന്നെത്തി. അവ യഥാർത്ഥ പൂക്കളിൽ പോയിരുന്നു തേനുണ്ടോ എന്നു പരിശോധിക്കാൻ തുടങ്ങി. രാജാവ് ഒന്നും പറയാതെ തന്നെ താൻ പരാജയപ്പെട്ടിരിക്കുന്നുവെന്ന് റാണി സമ്മതിച്ചു.

ചോദ്യങ്ങൾ

a) ഷേബയിലെ റാണി സോളമൻ രാജാവിനെ കാണാനെത്തിയതെന്തിന്?
b) റാണി കൊണ്ടുവന്ന സമ്മാനങ്ങൾ എന്തെല്ലാം?
c) റാണി കൊണ്ടുവന്ന പൂമാലകളുടെ പ്രത്യേകത എന്തായിരുന്നു?
d) റാണി രാജാവിനോട് ആവശ്യപ്പെട്ടതെന്ത്?
e) ഈ കഥയ്ക്ക് ഉചിതമായ ശീർഷകം നല്കുക.

**ബി വിഭാഗം**

2.ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒരു പുറത്തിൽ കവിയാതെ ഉപന്യസിക്കുക. (5)

a) രവീന്ദ്രനാഥ ടാഗോർ
b) ദേശീയപതാക
c) വനനശീകരണം

3.നിങ്ങളുടെ വിദ്യാലയത്തിൽ നടന്ന സ്വാതന്ത്ര്യദിനാഘോഷത്തെ വർണ്ണിച്ചു കൊണ്ട് സ്നേഹിതന് ഒരു കത്ത് തയ്യാറാക്കുക.. (5)

## സി വിഭാഗം

4.അർത്ഥം എഴുതുക. (2)

a) തീർത്ഥയാത്ര.

b) മഹീതലം

5.വാക്യത്തിൽ പ്രയോഗിക്കുക. (1)

a) മേല്നോട്ടത്തിൽ

6.കാരിതം ഏത്? (1)

a) ചിരിക്കുന്നു, പണിയുന്നു

7.പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക. (1)

a) അനുഭവമായി

8.വിഗ്രഹിച്ചെഴുതുക (1)

a) ദേശാഭിമാനി

9.പര്യായപദമെഴുതുക (1)

a) പല്ലക്ക്

10.വിപരീതം എഴുതുക (1)

a) ഉച്ചം

b) സുന്ദരം

11.അർത്ഥവ്യത്യാസമെഴുതുക (1)

a) കൊടി, കോടി

12.എതിർലിംഗം എഴുതുക (1)

a) രാജകുമാരി

b) വേടൻ

13.മുറ്റുവിന ഏത്? (1)

a) കുഞ്ഞ് ഉറങ്ങുന്നു, ഉറങ്ങുന്ന കുഞ്ഞ്

14.നാനാർത്ഥം എഴുതുക (1)

a) സ്നേഹം

15.വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക (1)

a) അകലെ ഒരു കുളവും അടുത്ത് ഒരു വടവൃക്ഷവും ആൽമരവും ഉണ്ട്.

## ഡി വിഭാഗം

16.ഉത്തരമെഴുതുക.

a) നമ്മുടെ നാടിനെ എങ്ങനെ സേവിക്കണമെന്നാണ് സുഗതകുമാരി തന്റെ കവിതയിൽപറയുന്നത്?(1)

b) മോഷ്ടാവിനെ പിടിച്ച വേലുത്തമ്പിക്ക് രാജാവ് എന്തൊക്കെ പാരിതോഷികമാണ് നല്കിയത്? (1)

c) മീൻകൊത്തിച്ചാത്തൻ എന്ന് പൊൻമാന് പേരുണ്ടാവാൻ കാരണം എന്ത്? (1)

d) കദളിക്കുലയെ കവി വിശേഷിപ്പിക്കുന്നതെങ്ങനെ? (1)

e) പുതിയ കാഴ്ചകൾ കാണുമ്പോൾ ശേഖൂട്ടിയുടെ പെരുമാറ്റം എങ്ങനെയായിരുന്നു? (1)

f) വേടൻ നല്ലവനാണെങ്കിൽ കിളിയെ എങ്ങനെ സഹായിക്കുമായിരുന്നു? (1)

g) രവി ആരെയെല്ലാമാണ് സ്വപ്നം കണ്ടിരുന്നത്? (1)

h) പിണങ്ങിപ്പറന്നുപോകുന്ന പക്ഷിയോട് എന്തു പറയുവാനാണ് കവി മോഹിക്കുന്നത്? (1)

i) ജീൻവാൽജീന്റെ ഹൃദയത്തിൽ തട്ടിയ ബിഷപ്പിന്റെ വാക്കുകൾ എന്തായിരുന്നു? (1)

j) ലീലാവിലാസേന നില്ക്കുന്നത് ആര്? (1)

k) 'ആശ്രമമുറ്റത്തെ കിണറ്റിൻകരയിൽ ഒരു വൃദ്ധൻ വസ്ത്രങ്ങൾ അലക്കിക്കൊണ്ടിരിക്കുന്നത് അവർ കണ്ടു'....ആരായിരുന്നു ആ വൃദ്ധൻ? (1)

l) ഒരു മയിൽപ്പീലി കാണുമ്പോൾ ആരാകുവാനാണ് കവിയുടെ മോഹം? (1)

*********************